# 173 ഫെഡറേഷനുകൾക്ക് നീര ഉത്പാദനത്തിനുള്ള അനുമതി

കൊച്ചി:- നീര ഉത്പാദിപ്പിക്കുന്നതിനും, വിതരണം ചെയ്യുന്നതിനും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നീര ഉത്പാദക "ഫെഡറേഷനുകൾ"ക്ക് അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറങ്ങി. ഫെഡറേഷനുകൾക്ക് പകരം ഉത്പാദക സൊസൈറ്റികൾക്ക് ലൈസൻസ് നൽകാൻ തെറ്റായി രേഖപ്പെടുത്തിയിരുന്നതു മൂലം വലിയ പ്രതിസന്ധി ഉടലെടുത്തിരുന്നു. സൊസൈറ്റികളുടെ അപെക്സ് ഘടനയായ ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകിക്കൊണ്ടുള്ള കേന്ദ്രീകൃത രീതിയാണ് നാളികേര വികസന ബോർഡ് ആസൂത്രണം ചെയ്തതും, സംസ്ഥാന സർക്കാർ അംഗീകരിച്ചതുമായ ഉത്തരവിലെ അപാകത മൂലം ഫെഡറേഷനുകൾക്ക് ലൈസൻസ് ലഭിക്കാത്ത സ്ഥിതി വന്നു. മാസങ്ങൾ നീണ്ട മുറവിളിയും കത്തിടപാടുകളും അവസാനം ഫലം കാണുകയായിരുന്നു. ഇക്കഴിഞ്ഞ ഡിസംബർ 5 -ന് നാളികേര വികസന ബോർഡ് ചെയർമാൻ അയച്ച കത്തിലെ നിർദ്ദേശം പരിഗണിച്ചുകൊണ്ടാണ് പുതിയ ഭേദഗതി ഇറക്കുന്നതെന്ന് കഴിഞ്ഞ ദിവസം ഇറങ്ങിയ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും മുൻപ് അപേക്ഷ നൽകിയിട്ടുള്ളതുമായ 173 ഫെഡറേഷനുകൾക്ക് ഇതനുസരിച്ച് ഉടൻ ലൈസൻസ് ലഭിക്കും.